## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2210 — 26.03.2013 ലെ മറുപടിയ്ക്ക്

### ഹരിത വായ്പാ പദ്ധതി

| | ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എം.പി. വിൻസെന്റ് | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ഹരിത വായ്പാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) | തുടക്കം കുറിച്ചിട്ടുണ്ട്.<br>സോളാർ വാട്ടർ ഹീറ്ററുകൾ, സോളാർ പാനലുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഊർജ്ജ ഉപഭോഗം കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ വാങ്ങുന്നതിനും ഈ പദ്ധതി പ്രകാരം വായ്പ നൽകുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പരിസ്ഥിതി സൗഹൃദ ഊർജ്ജ സാമ്പാദ്യ ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എസ്.എഫ്.ഇ. മുന്നോട്ടുവെയ്ക്കുന്ന പദ്ധതിയാണ് ഇത്. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനും, ഊർജ്ജ ഉപഭോഗം കുറഞ്ഞ വൈദ്യുതോപകരണങ്ങൾ വാങ്ങുന്നതിനും, താരതമ്യേന കുറഞ്ഞ പലിശ നിരക്കിൽ ഈ വായ്പ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. വീട്ടുപയോഗത്തിനുള്ള ജൈവ വാതകനിർമ്മാണ യൂണിറ്റുകൾ സ്ഥാപിയ്ക്കാനും ഉപയോഗപ്പെടുത്താവുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | വി-ഗാർഡ്, ഹൈക്കൺ, അനർട്ട്, രാം ബയോളജിക്കൽസ് തുടങ്ങിയവരുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സോളാർ വാട്ടർ ഹീറ്ററുകൾക്ക് വി-ഗാർഡ്, ഹൈക്കൺ എന്നീ ഏജൻസികളുമായും, ബയോ ഗ്യാസ് പ്ലാന്റുകൾക്ക് രാം ബയോളജിക്കൽസ് എന്ന സ്ഥാപനവുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സോളാർ പാനലുകൾക്ക് അനർട്ടുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ.